## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2702** — **06/02/2018-ൽ മറുപടിയ്ക്ക്.**

## ക്ഷീര കർഷകർക്ക് പ്രോത്സാഹന ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീര കർഷകർക്ക് ലഭിച്ചിരുന്ന പാൽ ഉല്പാദന പ്രോത്സാഹന ധനസഹായം ലഭിക്കുന്നതിന് ഇപ്പോൾ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയാണ് വരുമാന പരിധിയായി നിശ്ചയിച്ചിട്ടുള്ളത് ; | (എ) ക്ഷീരവികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഡി.ബി.റ്റി (ഡയറക്റ്റ് ബെനഫിറ്റ് ട്രാൻസ്ഫർ) സംവിധാനത്തിലൂടെ ക്ഷീരകർഷകർക്ക് നൽകുന്ന കാലിത്തീറ്റ സബ്സിഡി പദ്ധതിയ്ക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല. സംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിലാണ് ധനസഹായം നൽകി വരുന്നത്.<br>എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ്/കാലിത്തീറ്റ സബ്സിഡി പദ്ധതി പ്രകാരം പൊതുവിഭാഗം ഗുണഭോക്താ ക്കൾക്ക് ഒരു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപയും വാർഷിക വരുമാനം എന്ന ഉയർന്ന പരിധി നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ, എയ്ഡഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ പെൻഷണർ, ഫാമിലി പെൻഷണർ എന്നിവർ ആരെങ്കിലും ഉൾപ്പെടുന്ന കുടുംബം, |

| | | | |
|---|---|---|---|
| | | | പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ സ്വകാര്യ ഉപയോഗത്തിനുള്ള നാലുചക്ര മോട്ടോർ വാഹനം ഉടമസ്ഥാവകാശത്തിലുള്ള കുടുംബം എന്നിവരെയും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | നിലവിൽ പാൽ ഉൽപാദന ചെലവ് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ, അതോടൊപ്പം വരുമാന പരിധി കൂടി നിശ്ചയിച്ചത് ഗ്രാമീണ മേഖലയിലെ ക്ഷീര കർഷകർ ഈ രംഗം വിടുന്നതിന് കാരണമാകുമോ ; | (സി) | ചെറുകിട നാമമാത്ര കർഷകരാണ് പ്രധാനമായും ക്ഷീരോല്പാദന മേഖലയിൽ പ്രവർത്തിക്കുന്നത്. പൊതു വിപണിയിലെ പാൽ വില 42 രൂപ മുതൽ 44 രൂപ വരെയാണ്. എന്നാൽ ക്ഷീരസഹകരണ സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് അത്രയും തുക ലഭിക്കുന്നില്ല. ആയതിനാൽ പ്രോത്സാഹന സഹായങ്ങൾ ഉണ്ടായെങ്കിൽ മാത്രമെ ഈ മേഖലയിൽ ക്ഷീരകർഷകരെ നിലനിർത്താൻ കഴിയുകയുള്ളൂ.<br>ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം ഉല്പാദന പ്രോത്സാഹന സഹായമില്ലാതെ ഈ മേഖലയിൽ നിലനിൽക്കുക എന്നുള്ളത് വളരെ പ്രയാസമാണ്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വരുമാന പരിധി നിശ്ചയിച്ചത് ഈ മേഖലയിൽ നിന്നും കർഷകർ കൊഴിഞ്ഞു പോകുന്നതിന് ഇടയാക്കും. |
| (ഡി) | ഈ നടപടി ക്ഷീരമേഖലക്ക് തിരിച്ചടിയാകുമെന്ന് കരുതുന്നുണ്ടോ; | (ഡി) | ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിന് ഇത് തിരിച്ചടിയാകാൻ സാധ്യതയുണ്ട്. |
| (ഇ) | എങ്കിൽ ഇക്കാര്യം പുന:പരിശോധിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഇ) | പുന:പരിശോധിക്കുന്നതിനുള്ള നടപടിയ്ക്കായി ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.